ഫിഷറീസ് സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനയ്ക്ക് ശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് സർക്കാർ ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള കടാശ്വാസത്തിനർഹരായവരുടെ ലിസ്റ്റ് കടാശ്വാസ കമ്മീഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തി അയച്ചുതരുന്നതിന്റെ അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നത്. കടാശ്വാസ കമ്മീഷൻ തയ്യാറാക്കുന്ന ലിസ്റ്റുകളിലെ പട്ടികയിൽ കടാശ്വാസത്തിനർഹതയുള്ള മത്സ്യത്തൊഴിലാളികളുടെ ആകെ കടിശ്ശിക തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ആഡിറ്റിന് ശേഷമാണ് മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട തുക കണക്കാക്കുന്നത്. മത്സ്യഫെഡ്/സഹകരണ വകുപ്പുമായി ബന്ധപ്പെട്ട കടാശ്വാസത്തിന്റെ ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുവദിക്കുന്ന തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്ക് - 11.86 കോടി രൂപ

മറ്റ് ധനകാര്യസ്ഥാപനങ്ങൾ - 2.24 കോടി രൂപ

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം

154 (1895) <u>ശ്രീ. റ്റി. യു. കുരുവിള</u> :

<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30-6-2013-ന് മുമ്പ് സമർപ്പിക്കപ്പെട്ട 1,29,219 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ ന്യൂനതകൾ ഉള്ളവ തിരിച്ചുനൽകി പോരായ്മകൾ തീർത്ത് തിരികെ വാങ്ങുന്നതിനായി 2009 സെപ്റ്റംബർ 24, 25, 26, 27, 2009 ഒക്ടോബർ 3, 4, 5 തീയതികളിൽ 125 ന്യൂനത പരിഹാര കേന്ദ്രങ്ങളിൽ 594 യൂണിറ്റുകളിലായി വിവിധ ജില്ലകളിൽ ന്യൂനത പരിഹാര സെല്ലുകൾ സംഘടിപ്പിച്ച് ന്യൂനതകൾ പരിഹരിക്കുകയുണ്ടായി.

G.O(Ms) No. 78/09/F&PD dated 15-12-2009 പ്രകാരം മത്സ്യഫെഡ് വഴി വിതരണം ചെയ്ത 48355 പേരുടെ NCDC വായ്പകളും G.O(Ms) No. 9/10/F&PD dated 24-2-2010 പ്രകാരം 9891 പേരുടെ ഹഡ്കോ വായ്പകളും പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് എഴുതിത്തള്ളി. ഇതിനായി യഥാക്രമം 13.15 കോടി രൂപയും 5.913 കോടി രൂപയും അനുവദിച്ചു. കൂടാതെ GO(P) No.91/10/F&PD dated 6-12-2010 പ്രകാരം മത്സ്യഫെഡ് വഴി വിതരണം ചെയ്ത NMDFC, NBCFDC മത്സ്യഫെഡിന്റെ തനതുഫണ്ട് എന്നീ ഇനം വായ്പകളെടുത്ത 10094 പേരുടെ വായ്പകളും സഹകരണ ബാങ്കുകൾ/സ്ഥാപനങ്ങൾ മുഖേന വായ്പ എടുത്ത 50,000-ത്തോളം പേരുടെ വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്നതിനായി 253.55 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട കടാശ്വാസം നൽകുന്നതിന് 127.99 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യഫെഡ് വഴി എടുത്തിട്ടുള്ള NMDFC, NBCFDC വായ്പകൾ എഴുതിത്തള്ളുന്നതിനായി 12.99 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മത്സ്യമാർക്കറ്റിന്റെ ആധുനികവൽക്കരണം

155 (1896) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിൽ മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള 7245/സി2/2015 ഫിഷറീസ് നമ്പർ ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kérala Legislative Assembly